




എ.വൈ.ആർ


സൂറ-18

# അൽ കഹ്ഫ്

إِنَّ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّـٰلِحَـٰتِ كَانَتْ لَهُمْ جَنَّـٰتُ ٱلْفِرْدَوْسِ نُزُلًا ﴿١٠٧﴾

**107.** എന്നാൽ സത്യ-ധർമങ്ങളിൽ വിശ്വസിക്കുകയും സൽകർമങ്ങളാചരിക്കുകയും ചെയ്തവരോ, അവർക്ക് ആതിഥ്യമരുളാൻ പറുദീസയിലെ ഉദ്യാനങ്ങളുണ്ടായിരിക്കും.

خَـٰلِدِينَ فِيهَا لَا يَبْغُونَ عَنْهَا حِوَلًا ﴿١٠٨﴾

**108.** അവരതിൽ നിത്യവാസികളാകും. അവിടം വിട്ടുപോകാൻ അവരൊട്ടും ആഗ്രഹിക്കുകയില്ല.

قُل لَّوْ كَانَ ٱلْبَحْرُ مِدَادًا لِّكَلِمَـٰتِ رَبِّى لَنَفِدَ ٱلْبَحْرُ قَبْلَ أَن تَنفَدَ
كَلِمَـٰتُ رَبِّى وَلَوْ جِئْنَا بِمِثْلِهِۦ مَدَدًا ﴿١٠٩﴾

**109.** പ്രവാചകൻ പറയുക: സമുദ്രം എന്റെ വിധാതാവിന്റെ വചനങ്ങളെഴുതാനുള്ള മഷിയാകുന്നുവെങ്കിൽ വിധാതാവിന്റെ വചനം എഴുതി തീരും മുമ്പ് അതു വറ്റിപ്പോകും. അതിനെ പോഷിപ്പിക്കാൻ തത്തുല്യമായ സമുദ്രം വേറെയും കൊണ്ടുവന്നാലും മതിയാവുകയില്ല.

قُلْ إِنَّمَآ أَنَا۠ بَشَرٌ مِّثْلُكُمْ يُوحَىٰٓ إِلَىَّ أَنَّمَآ إِلَـٰهُكُمْ إِلَـٰهٌ وَٰحِدٌ ۖ فَمَن كَانَ
يَرْجُوا۟ لِقَآءَ رَبِّهِۦ فَلْيَعْمَلْ عَمَلًا صَـٰلِحًا وَلَا يُشْرِكْ بِعِبَادَةِ رَبِّهِۦٓ أَحَدًۢا ﴿١١٠﴾

**110.** പ്രവാചകൻ ജനത്തോടു പറയുക: ഞാൻ നിങ്ങളെപ്പോലൊരു മനുഷ്യൻ മാത്രമാകുന്നു. നിങ്ങളുടെ ദൈവം ഏകദൈവം മാത്രമാണെന്ന് എനിക്കു ദിവ്യസന്ദേശം ലഭിക്കുന്നുണ്ട്. ആകയാൽ തന്റെ വിധാതാവിനെ കണ്ടുമുട്ടുമെന്ന് പ്രതീക്ഷിക്കുന്നവൻ നല്ല കർമം ചെയ്തുകൊണ്ടിരിക്കട്ടെ. തന്റെ വിധാതാവിനുള്ള ഇബാദത്തിൽ മാറ്റാരെയും പങ്കാളിയാക്കാതിരിക്കട്ടെ.

إِنَّ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّـٰلِحَـٰتِ = (എന്നാൽ) സത്യ-ധർമങ്ങളിൽ വിശ്വസിക്കുകയും സൽക്കർമങ്ങളാചരിക്കുകയും ചെയ്തവർ(രോ)

كَانَتْ لَهُمْ = അവർക്ക് ഉണ്ടായി(രിക്കും) جَنَّـٰتُ ٱلْفِرْدَوْسِ = പറുദീസയിലെ ഉദ്യാനങ്ങൾ نُزُلًا = ആതിഥ്യം(അരുളാൻ)ആയിട്ട്

خَـٰلِدِينَ فِيهَا = അവരതിൽ നിത്യവാസികളായ നിലയിൽ لَا يَبْغُونَ = അവർ തേടുകയില്ല, ആഗ്രഹിക്കുകയില്ല(ഒട്ടും)

عَنْهَا حِوَلًا = അതിൽനിന്ന് മാറിപ്പോകാൻ(അവിടം വിട്ടുപോകാൻ) قُل = നീ (പ്രവാചകൻ) പറയുക

لَّوْ كَانَ ٱلْبَحْرُ = സമുദ്രം ആകുന്നുവെങ്കിൽ مِدَادًا = മഷി

لِّكَلِمَـٰتِ رَبِّى = എന്റെ വിധാതാവിന്റെ വചനങ്ങൾക്കു(ൾ എഴുതാനുള്ള)

لَنَفِدَ ٱلْبَحْرُ= തീർച്ചയായും സമുദ്രം വറ്റിപ്പോകും قَبْلَ أَن تَنفَدَ = വറ്റുംമുമ്പ് (എഴുതി തീരുംമുമ്പ്)

كَلِمَـٰتُ رَبِّى= എന്റെ വിധാതാവിന്റെ വചനങ്ങൾ وَلَوْ جِئْنَا= നാം കൊണ്ടുവന്നാലും

بِمِثْلِهِۦ= അതുപോലുള്ളത്, തത്തുല്യമായ (വേറെയും സമുദ്രം)

مَدَدًا= പോഷണമായി(അവയെ പോഷിപ്പിക്കാൻ) قُلْ= നീ(പ്രവാചകൻ) പറയുക

إِنَّمَآ أَنَا۠ بَشَرٌ مِّثْلُكُمْ= ഞാൻ നിങ്ങളെപ്പോലൊരു മനുഷ്യൻ മാത്രമാകുന്നു

يُوحَىٰٓ إِلَىَّ= എനിക്ക് ദിവ്യസന്ദേശം ലഭിക്കുന്നുണ്ട്

أَنَّمَآ إِلَـٰهُكُمْ إِلَـٰهٌ وَٰحِدٌ= എന്തെന്നാൽ നിങ്ങളുടെ ദൈവം ഏകദൈവം മാത്രമാകുന്നു എന്ന്

فَمَن كَانَ يَرْجُوا۟= ആകയാൽ പ്രതീക്ഷിക്കുന്നവനായവൻ لِقَآءَ رَبِّهِۦ= തന്റെ വിധാതാവിനെ കണ്ടുമുട്ടുമെന്ന്

فَلْيَعْمَلْ= അവൻ ചെയ്തുകൊണ്ടിരിക്കട്ടെ عَمَلًا صَـٰلِحًا= നല്ലതായ കർമം

وَلَا يُشْرِكْ= അവൻ പങ്കാളിയാക്കാതിരിക്കുകയും ചെയ്യട്ടെ

بِعِبَادَةِ رَبِّهِۦٓ= തന്റെ വിധാതാവിനുള്ള ഇബാദത്തിൽ (അടിമപ്പെടുകയും ആരാധിക്കുകയും ചെയ്യുന്നതിൽ)

أَحَدًۢا= ഒരുവനെ(മറ്റ് ആരെ)യും

**107–108.** നിഷേധികളുടെ പരിണതിയെക്കുറിച്ചു പറഞ്ഞതിനെ തുടർന്ന്, സത്യദൈവത്തിലും അവന്റെ ധർമശാസനങ്ങളിലും വിശ്വസിക്കുകയും പ്രായോഗിക ജീവിതം വിശിഷ്ടകർമങ്ങൾ കൊണ്ടലങ്കരിക്കുകയും ചെയ്തവരുടെ പര്യവസാനം പറയുകയാണ്. അവർ ഫിർദൗസിലെ ഉദ്യാനങ്ങളിലായിരിക്കും. ഉദ്യാനങ്ങളിലുണ്ടായിരിക്കേണ്ട എല്ലാ അലങ്കാരങ്ങളും പൂച്ചെടികളും പഴവൃക്ഷങ്ങളും വിനോദോപാധികളും ഉൾക്കൊള്ളുന്ന ബൃഹത്തായ ഉദ്യാനമാണ് ഫിർദൗസ്. പല ഉദ്യാനങ്ങളുടെ സമുച്ചയമെന്നും പറയാം. ഉദ്യാനത്തിലെ തോട്ടങ്ങൾ എന്നുപറയുമ്പോൾ, നിരവധി ഉദ്യാനങ്ങൾ ചേർന്ന മഹാഉദ്യാനത്തിലെ ഉപോദ്യാനങ്ങളിലായിരിക്കും അവരുടെ വാസമെന്നർഥം. ഉദ്യാനത്തിലെ അത്യുന്നത സ്ഥാനം, അതിവിശിഷ്ട സ്ഥാനം എന്നീ അർഥങ്ങളും فِرْدَوس ന് ഉണ്ട്. അപ്പോൾ ഏറ്റവും ഉന്നതവും വിശിഷ്ടവുമായ ഉദ്യാനങ്ങളിലായിരിക്കും അവരെന്നു സാരം. فِرْدَوس അറബിയാണെന്നും അല്ല സുറിയാനിയിലെ 'ഫറാദീസി'ന്റെ അറബി രൂപമാണെന്നും അതുമല്ല റോമൻ ഭാഷയിലെ 'പാരഡൈസി'ന്റെ അറബി രൂപമാണെന്നും വ്യത്യസ്തമായ അഭിപ്രായങ്ങളുണ്ട്. ഖുർആനു മുമ്പുള്ള കവികളോ പ്രഭാഷകരോ ഈ പദം ഉപയോഗിച്ചു കാണാത്തതിനാൽ അറബീകരിക്കപ്പെട്ട അന്യപദമായിരിക്കാനാണ് ഏറെ സാധ്യത. സുറിയാനിയിൽ 'ഫറാദീസ്' പല തോട്ടങ്ങൾ അടങ്ങിയ വലിയ തോട്ടമാണ്. ഹൽബ് നഗരത്തിന് ബാബുൽ ഫറാദീസ് എന്ന പേരിൽ ഒരു ഗേറ്റുണ്ട്.

ആ അതിവിശിഷ്ടമായ ആരാമത്തിൽ അവർ നിത്യവാസികളായിരിക്കും. ഏറെക്കാലം അതിൽ തന്നെ വസിക്കുന്നതിൽ മുഷിയുകയോ മടുക്കുകയോ ചെയ്യുന്നില്ല. പുതുമകളായാലും മാറ്റങ്ങളായാലും അവരിച്ഛിക്കുന്നതൊക്കെ അതിൽതന്നെ ഉളവായിക്കൊണ്ടിരിക്കും. وَلَهُم مَّا يَدَّعُونَ (അവർക്കു വേണമെന്ന് തോന്നുന്നതൊക്കെയും അവിടെ ലഭിക്കുന്നു-36:57) وَهُمْ فِى مَا ٱشْتَهَتْ أَنفُسُهُمْ خَـٰلِدُونَ (അവർ എന്നെന്നും അവരുടെ മനസ്സ് ആഗ്രഹിക്കുന്നതിൽ തന്നെ വാഴുന്നു-21:102). അതിനാൽ ആ തോട്ടങ്ങൾ വിട്ടുപോകാനോ മറ്റെങ്ങോട്ടെങ്കിലും മാറാനോ ഒരിക്കലും അവർക്കു തോന്നുകയില്ല. لَا يَبْغُونَ عَنْهَا حِوَلًا എന്നാണ് മൂലവാക്യം. عِوَج ന്റെ മൂശയിലുള്ള ക്രിയാപദമാണ് حِوَل. മാറ്റവും വ്യതിയാനവുമാണത്. ഈ സ്വർഗം മതിയായി, ഇനി മറ്റേതെങ്കിലും സ്വർഗത്തിലേക്ക് മാറിപ്പോകണം എന്ന് ആഗ്രഹിക്കുകയില്ല എന്നാണ് ഈ സന്ദർഭത്തിൽ വചനസാരം.

**109.** ഖുർആന്റെ അവതരണം പരാമർശിച്ചുകൊണ്ടാണല്ലോ സൂറഃ തുടങ്ങിയത്. തുടർന്ന് പലവിധ ഉപദേശ നിർദേശങ്ങളും സുവിശേഷങ്ങളും മുന്നറിയിപ്പുകളും നൽകി. അതിനിടയിൽ സാരവത്തായ പല കഥകൾ പറഞ്ഞു. അനന്തരം ഉപസംഹരിച്ചുകൊണ്ട് അരുൾ ചെയ്യുകയാണ്. ഇപ്പറഞ്ഞതെല്ലാം അല്ലാഹുവിന്റെ വചനങ്ങളിൽ അൽപം ചിലതു മാത്രമാണ്. പ്രപഞ്ചത്തിലെങ്ങും പരന്നു കിടക്കുന്ന, ദൈവിക ശക്തിയുടെയും മഹത്വത്തിന്റെയും ജ്ഞാനത്തിന്റെയും അടയാളങ്ങളാണ് ഇവിടെ-كلمات-വചനങ്ങൾ കൊണ്ടു വിവക്ഷിക്കുന്നത്. ദൃഷ്ടാന്തങ്ങൾ മനുഷ്യൻ ഗ്രഹിക്കുന്നത് വാക്കുകളിലൂടെയാണല്ലോ. ഖുർആൻ സൂക്തങ്ങളെ പരിഹസിക്കുകയും പ്രവാചകനെ ഉത്തരംമുട്ടിക്കാൻ ചോദ്യങ്ങളുന്നയിക്കുകയും ദിവ്യാത്ഭുതങ്ങൾ പ്രത്യക്ഷപ്പെടുത്താനാവശ്യപ്പെടുകയും ചെയ്തുകൊണ്ടിരുന്ന ഗർവിഷ്ടരായ സത്യനിഷേധികൾക്കുള്ള മറുപടിയാണിത്. അത്തരം ആളുകളെ അറിയിക്കാൻ നിർദേശിക്കുകയാണ്: ഏകനായ അല്ലാഹുവിന്റെ ചിഹ്നങ്ങളും ദൃഷ്ടാന്തങ്ങളുമാണ് നിങ്ങൾ തേടുന്നതെങ്കിൽ അത് പ്രപഞ്ചം മുഴുവൻ നിറഞ്ഞു കിടക്കുന്നുണ്ട്. സമുദ്രം തന്നെ മഷിയായി മാറിയാലും അതെഴുതി തീരുംമുമ്പ് സമുദ്രം വറ്റിവരണ്ടുപോകും. അതുപോലെ മറ്റൊരു മഷിക്കടൽ കൂടി കൊണ്ടുവന്നാലും എഴുതിത്തീർക്കാനാവില്ല.

സൂറഃ ലുഖ്മാൻ 27-ാം സൂക്തം ഈ ആശയം ഇങ്ങനെ അവതരിപ്പിച്ചിരിക്കുന്നു.

وَلَوْ أَنَّمَا فِي ٱلْأَرْضِ مِن شَجَرَةٍ أَقْلَـٰمٌ وَٱلْبَحْرُ يَمُدُّهُۥ مِنۢ بَعْدِهِۦ سَبْعَةُ أَبْحُرٍ مَّا نَفِدَتْ كَلِمَـٰتُ ٱللَّهِ

"ഭൂമിയിലുള്ള മരങ്ങളൊക്കെയും പേനകളായിത്തീരുകയും കടൽ മഷിയായിത്തീരുകയും വേറെ ഏഴു കടലുകൾ കൂടി മഷിയായി അതിനെ പോഷിപ്പിക്കുകയും ചെയ്താൽപോലും അല്ലാഹുവിന്റെ വചനങ്ങൾ എഴുതിത്തീരുന്നില്ല." മഷിയായി മാറുന്ന കടൽ അതിനകത്തുള്ള ദൃഷ്ടാന്തങ്ങളും അത്ഭുതങ്ങളും എഴുതിത്തീർക്കാൻപോലും മതിയാവില്ല എന്നതാണ് യാഥാർഥ്യം. പക്ഷേ മനക്കണ്ണുള്ളവർക്കേ ദൈവിക ദൃഷ്ടാന്തങ്ങൾ ദൃശ്യമാകൂ.

ഈ സൂക്തത്തിന്റെ അവതരണ പശ്ചാത്തലം സംബന്ധിച്ച് ചില നിവേദനങ്ങളുണ്ട്. ഇബ്നു അബ്ബാസിൽനിന്ന് ഹാക്കിമും മറ്റും ഉദ്ധരിക്കുന്നു: സൂറഃ അൽഇസ്റാഇലെ وَمَآ أُوتِيتُم مِّنَ ٱلْعِلْمِ إِلَّا قَلِيلًا (തുഛം ജ്ഞാനമേ നിങ്ങൾക്ക് ലഭിച്ചിട്ടുള്ളൂ) എന്ന വാക്യത്തെക്കുറിച്ച് യഹൂദർ പറഞ്ഞു: "ഞങ്ങൾക്ക് തൗറാത്ത് ലഭിച്ചിട്ടുണ്ടല്ലോ. തൗറാത്ത് ലഭിച്ചവർക്ക് പെരുത്ത് സൗഭാഗ്യം ലഭിച്ചിരിക്കുന്നു." ഖുർആനിൽ തുഛമായ ജ്ഞാനമേയുള്ളൂ. അതിന്റെ വാഹകർ അൽപജ്ഞരാണ്. തൗറാത്ത് അങ്ങനെയല്ല. അതിൽ വർധിച്ച വിജ്ഞാനങ്ങളുണ്ട്. അതിന്റെ വാഹകർ ഉന്നതരുമാണ്. ഇതാണ് അവർ പറഞ്ഞതിന്റെ സാരം. മറുപടിയായി അല്ലാഹു പറയുകയാണ്. അല്ലാഹുവിന്റെ ജ്ഞാനസൂക്തങ്ങൾ തൗറാത്തിലോ ഖുർആനിലോ മറ്റേതെങ്കിലും വേദത്തിലോ ഒതുങ്ങുന്നതല്ല. സൃഷ്ടികളിലാർക്കും എഴുതി തീർക്കാനോ പഠിച്ചുതീർക്കാനോ കഴിയാത്തവണ്ണം അപാരവും അഗാധവുമാണത്. അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് അവനുദ്ദേശിച്ച അളവിൽ മാത്രം ജ്ഞാനം ലഭിക്കുന്നു. അല്ലാഹുവിന്റെ അറിവും കഴിവും മഹത്വവും പൂർണമായി രേഖപ്പെടുത്താനോ പറയാനോ അല്ല പ്രവാചകന്മാർ നിയുക്തരാകുന്നത്. അല്ലാഹുവിൽ വിശ്വസിക്കാനും അവൻ ചുമത്തുന്ന ഉത്തരവാദിത്വങ്ങൾ മനസ്സിലാക്കാനും ആവശ്യമായ വചനങ്ങളാണ് അവൻ പ്രവാചകന്മാരിലൂടെ പറയുന്നത്. നിങ്ങളാവശ്യപ്പെടുന്ന ഭൂതകാല ചരിത്രങ്ങൾ വിശദീകരിക്കുകയോ കടംകഥകൾക്കുത്തരം പറയുകയോ അല്ല; സൃഷ്ടികൾക്ക് സന്മാർഗദർശനം നൽകുകയാണ് പ്രവാചകന്റെ ദൗത്യം. അതിന്നാവശ്യമായ കാര്യങ്ങളാണ് അല്ലാഹു അദ്ദേഹത്തിനവതരിപ്പിക്കുന്നത്.

മറ്റൊരു നിവേദനത്തിൽ ഇങ്ങനെ കാണുന്നു: യഹൂദ പണ്ഡിതനായ ഹുയയ്യ് ബിൻ അഖ്ത്വബ് പറഞ്ഞു: നിങ്ങളുടെ വേദത്തിൽ وَمَن يُؤْتَ ٱلْحِكْمَةَ فَقَدْ أُوتِىَ خَيْرًا كَثِيرًا "ജ്ഞാനം ലഭിക്കുന്നവന് പെരുത്ത് സൗഭാഗ്യം ലഭിച്ചു" എന്നു പറയുന്നു. പിന്നെ പറയുന്നു: "തുഛമായ ജ്ഞാനമേ നിങ്ങൾക്കു ലഭിച്ചിട്ടുള്ളൂ" എന്ന്. ഇതു വൈരുധ്യമാണെന്നു വിമർശിക്കുകയാണദ്ദേഹം. അതുസംബന്ധിച്ചാണ് ഈ സൂക്തം അവതരിച്ചത്. അതായത്, അതുതന്നെ പെരുത്ത സൗഭാഗ്യമാണ്. പക്ഷേ അല്ലാഹുവിന്റെ വചന സാഗരത്തിലെ ഒരു തുള്ളി മാത്രമാണത്.

**110.** അതായത്, ദൃഷ്ടാന്തങ്ങളായി ദിവ്യാത്ഭുതങ്ങൾ പ്രത്യക്ഷപ്പെടുത്തണമെന്നാവശ്യപ്പെടുന്നവരോട് പ്രവാചകൻ സ്പഷ്ടമായി പറയണം: ഞാൻ നിങ്ങളെ പോലെ ഒരു മനുഷ്യൻ മാത്രമാണ്. നിങ്ങളെപ്പോലെ ഉണ്ണുന്നു, ഉറങ്ങുന്നു, അങ്ങാടിയിൽ നടക്കുന്നു, കുടുംബത്തെയും കുട്ടികളെയും പോറ്റുന്നു. മാനുഷിക ശേഷിക്കതീതമായ അത്ഭുതങ്ങൾ കാണിക്കാൻ എനിക്കു കഴിയില്ല. അത്ഭുതങ്ങളും ദൃഷ്ടാന്തങ്ങളും പ്രത്യക്ഷപ്പെടുത്തേണ്ടത് അല്ലാഹുവാണ്. എന്റെ ഇഷ്ടപ്രകാരമല്ല; അവന്റെ ഇഷ്ടപ്രകാരമാണതു പ്രത്യക്ഷപ്പെടുത്തുക. നിങ്ങളിൽനിന്ന് എനിക്കുള്ള വ്യത്യാസം എനിക്ക് അല്ലാഹു 'വഹ്‌യ്'-ദിവ്യസന്ദേശം നൽകുന്നു എന്നതാണ്. അവൻ എന്നെ അവന്റെ ദൂതനായി നിയോഗിച്ചിരിക്കുന്നു. അവന്റെ സന്ദേശമാണ് ഞാൻ നിങ്ങളെ കേൾപ്പിക്കുന്നത്. നിങ്ങൾക്ക് ഒരൊറ്റ ദൈവമേയുള്ളൂ എന്ന് അവൻ എന്നിലൂടെ നിങ്ങളെ അറിയിച്ചിരിക്കുന്നു. അവനല്ലാതെ, നിങ്ങൾ ആരാധിച്ചുകൊണ്ടിരിക്കുന്ന ആരാധ്യരൊക്കെയും എന്നെപ്പോലെയും നിങ്ങളെപ്പോലെയുമുള്ള സൃഷ്ടികൾ മാത്രമാകുന്നു. സൃഷ്ടികളായ നമ്മളെല്ലാവരും ഒരുനാൾ സ്രഷ്ടാവായ ആ ഏകദൈവത്തിന്റെ മുമ്പിൽ ഹാജരായി നമ്മുടെ ഈ ജീവിതത്തിന്റെ കണക്കു ബോധിപ്പിക്കേണ്ടതുണ്ട്. ആ ബോധമുള്ളവർ ഈ ലോകത്ത് അവന്റെ ധർമശാസനകളനുസരിച്ച് സൽകർമങ്ങളനുഷ്ഠിച്ചുകൊണ്ട് വാഴണം. ആരാധനയും അടിമത്തവും തന്റെ യഥാർഥ വിധാതാവല്ലാത്ത മറ്റാർക്കും പങ്കുവെച്ചുകൂടാ.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ സൂറഃ അൽകഹ്ഫിന്റെ ബോധനം ഇവിടെ അവസാനിക്കുന്നു. പിശകുകൾ വന്നുപോയിട്ടുണ്ടെങ്കിൽ ദയാമയനായ അവൻ പൊറുക്കുകയും ശരിയായ ജ്ഞാനത്തിലേക്ക് നയിക്കുകയും ചെയ്യുമാറാകട്ടെ-ആമീൻ. ■